(ബി) ഇതിനെ സംബന്ധിച്ച് റിപ്പോർട്ട് ഗവൺമെന്റിന് നൽകിയോ;

(സി) ഉണ്ടെങ്കിൽ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാം;

(ഡി) ഈ ശുപാർശകൾ നടപ്പിലാക്കിയോ; ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) ഉണ്ട്. ഡോ. പി. ജെ. അലക്സാണ്ടർ.

(ബി) നൽകി.

(സി) യും (ഡി) യും റിപ്പോർട്ടിലെ ശുപാർശകൾ ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

കേരള ഷിപ്പിംഗ് കോർപ്പറേഷൻ

216 [304] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഷിപ്പിംഗ് കോർപ്പറേഷൻ ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാം;

(സി) ഒരു കപ്പൽപോലുമില്ലാത്ത ഈ കോർപ്പറേഷൻ നിർത്തലാക്കുന്നതിന് 1983-ൽ മന്ത്രിസഭ തീരുമാനമെടുത്തതിനുശേഷം വീണ്ടും കോർപ്പറേഷൻ നിലനിർത്താൻ ഉണ്ടായ പ്രത്യേക കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി, സി) ഉണ്ട്. ഈ കോർപ്പറേഷൻ കേരള ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനുമായി സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ഇതിനുവേണ്ട മെമ്മോറാണ്ടം കേന്ദ്ര സർക്കാരിലേക്ക് അയച്ചിട്ടുണ്ട്.

നേരത്തെ നടത്തിവന്നിരുന്ന പ്രവർത്തനങ്ങളിൽ അവശേഷിച്ചിട്ടുള്ള കാര്യങ്ങളാണ് ഇപ്പോൾ കോർപ്പറേഷൻ ചെയ്തുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കമ്പനി നിയമപ്രകാരം രജിസ്റ്റർചെയ്തിട്ടുള്ള ഒരു സ്ഥാപനമായതിനാൽ കേരള ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനുമായി സംയോജനം പൂർത്തിയാകുന്നതുവരെ, കേരള ഷിപ്പിംഗ് കോർപ്പറേഷൻ നിലനിൽക്കേണ്ടതുണ്ട്.

ഈ കോർപ്പറേഷൻ നിർത്തലാക്കുന്നതിനു പകരം കേരളാ ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനുമായി സംയോജിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

Interstate Bus Service

217]308] **Dr. A. Subba Rao** : Will the Transport Minister be pleased to state :

(a) the number of Interstate (Kerala- Karnataka) bus schedules now running in the Calicut-Mangalore-Kollur line at present;

(b) the number of interstate permits issued by the Kerala Government (S.T.A.) in that route for the K.S.R.T.C. and Private Agencies respectively;

(c) what are the reasons for sanctioning permits to private agencies when the K. S. R. T. C. is agreeable and able to operate in this route which is profitable?

Answer

(a) Nil

(b) Nil

(c) Questions does not arise.

പത്തനംതിട്ട, തിരുവല്ല ഡിപ്പോകളിലെ ബസ്സുകൾ

218 [309] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട, തിരുവല്ല കെ. എസ്. ആർ. ടി. സി. ഡിപ്പോകളിൽ യഥാക്രമം എത്ര ബസ്സുകൾ വീതമുണ്ട്; എത്ര ഷെഡ്യൂളുകളാണുള്ളത്;

(ബി) പത്തനംതിട്ട, തിരുവല്ല ഡിപ്പോകളിൽ നിന്നും ഇപ്പോൾ ഓപ്പറേറ്റുചെയ്യുന്ന ഷെഡ്യൂളുകൾ എത്ര;

(സി) കഴിഞ്ഞ രണ്ടാഴ്ചക്കാലം ഷെഡ്യൂളുകൾ വല്ലതും നിർത്തിവയ്ക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയുണ്ടായോ;

(ഡി) തിരുവല്ലയിൽ നിന്നും റാന്നിയിലേക്കുള്ള ഏഴു സർവ്വീസുകൾ നിർത്തിയിരിക്കുന്നുവെന്നകാര്യം ഗവൺമെന്റിന് അറിയുമോ;

(ഇ) മേൽപ്പറഞ്ഞ ഡിപ്പോകളിൽ റദ്ദുചെയ്തിട്ടുള്ള എല്ലാ ഷെഡ്യൂളുകളും പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly